TB Movie Club Review #moviepanel

പോർ തൊഴിൽ (2023)

_______________________

എഴുതിയത് : Libin Devasia

സ്ഥിരമായി പറഞ്ഞു പഴകിയ അതേ സീരിയൽ കില്ലർ കഥ. ഒരു ഇൻവസ്റ്റിഗേറ്റീവ് ത്രില്ലറിനു വേണ്ടുന്ന എല്ലാ ക്ലീഷേ ചേരുവകളും. എന്നിട്ടും മനോഹരമായി മെനഞ്ഞെടുത്ത തിരക്കഥ കൊണ്ടും അതിലും കൈയ്യടക്കത്തോടെയുള്ള മേക്കിംഗ് കൊണ്ടും പ്രേക്ഷകരെ അക്ഷരാർത്ഥത്തിൽ മുൾമുനയിൽ നിർത്തുന്ന, അത്രമേൽ ത്രില്ലിംഗായ ഒരു സിനിമാനുഭവം കാഴ്ചവെക്കുകയാണ് നവാഗത സംവിധായകനായ വിഘ്നേഷ് രാജ തന്റെ കന്നി ചിത്രമായ പോർ തൊഴിലിലൂടെ. സംവിധായകനായ വിഘ്നേഷ് രാജയും ഒപ്പം ആൽഫ്രെഡ് പ്രകാശും ചേർന്നാണ് ഈ സിനിമയുടെ രചനയും തിരക്കഥയും നിർവഹിച്ചിരിക്കുന്നത്.

തിരുച്ചിറാപ്പള്ളിക്കടുത്ത് 2010 കാലഘട്ടത്തിൽ നടക്കുന്ന ചില കൊലപാതകങ്ങളാണ് സിനിമയുടെ പശ്ചാത്തലം. നൈറ്റ് പട്രോളിംഗിന് പോകുന്ന രണ്ട് പോലീസുകാർ ഒരു മൃതദേഹം കണ്ടെത്തുന്ന ഓപ്പണിങ്ങ് സീൻ മുതൽ ഒരു നിമിഷം പോലും പ്രേക്ഷകനെ മടുപ്പിക്കാതെ അവസാന സീൻ വരെ എൻഗേജ്ഡ് ആക്കാൻ സംവിധായകന് കഴിയുന്നുണ്ട്. എവിടെയെങ്കിലും ഒന്ന് പാളിയാൽ സ്ഥിരം ക്ലീഷേകളിലേക്ക് വഴുതിവീഴുമായിരുന്ന കഥയെ അപ്രതീക്ഷിതമായ ട്വിസ്റ്റുകളിലൂടെയും ടേണുകളിലൂടെയും തിരക്കഥയിലെ കൈയ്യടക്കത്തിലൂടെയും മറികടക്കാൻ സിനിമയ്ക്ക് ആകുന്നുമുണ്ട്.

അനുഭവസമ്പത്തും അസാമാന്യമായ ട്രാക്ക് റെക്കോർഡുമുള്ള അന്വേഷണ ഉദ്യോഗസ്ഥനായി ശരത്കുമാറും ആദ്യ പോസ്റ്റിംഗിൽ തന്നെ അദ്ദേഹത്തെ അസിസ്റ്റ് ചെയ്യാൻ നിയോഗിക്കപ്പെടുന്ന നല്ല അക്കാദമിക് റെക്കോർഡുള്ള എന്നാൽ പുസ്തകജ്ഞാനം മാത്രം കൈമുതലായുള്ള, പോലീസ് ആകാൻ ആഗ്രഹമില്ലാതിരുന്നിട്ടും വീട്ടുകാരുടെ സമ്മർദ്ദത്താൽ അതായിത്തീർന്ന ജൂനിയർ ഉദ്യോഗസ്ഥനായി അശോക് ശെൽവനും വേഷമിടുന്നു. അവർ തമ്മിലുള്ള പൊരുത്തങ്ങളിലൂടെയും പൊരുത്തക്കേടുകളിലൂടെയുമാണ് കഥ വികസിക്കുന്നത്. അനുഭവസമ്പത്തിനൊപ്പം അറിവിന്റെ കരുത്തും കൂടിയാകുമ്പോൾ അതിവേഗം ആ കൊലപാതകപരമ്പരയുടെ ചുരുളഴിയുന്നു.

നിഴൽഗൾ രവി, ഒ എ കെ സുന്ദർ എന്നിവർക്കൊപ്പം മലയാളികളായ നിഖില വിമൽ, സന്തോഷ് കീഴാറ്റൂർ, സുനിൽ സുഖദ എന്നിവരും മറ്റ് പ്രധാനവേഷങ്ങളിലെത്തുന്നു. 2018ൽ ഇറങ്ങിയ രാച്ചസന് ശേഷം തമിഴ്

സിനിമാലോകത്തിന് അഭിമാനിക്കാവുന്ന മറ്റൊരു ഇൻവെസ്റ്റിഗേഷൻ ത്രില്ലറായി ഈ സിനിമ എണ്ണപ്പെടുമെന്നതിൽ യാതൊരു സംശയവുമില്ല.